ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/385/2026-S തീയതി.#ApprovedDate#

സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഫീസ് റീഇംബേഴ്സ്മെന്റ് സ്കീം 2026-27 വർഷത്തെ അപേക്ഷ ക്ഷണിച്ചു

വിജ്ഞാപനം

സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ-കളിൽ ഒന്ന്/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി ഫീസ് റീ ഇംബേഴ്സ് ചെയ്ത് നൽകുന്നതിലേക്കായി കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. ഒരു വർഷത്തെ കോഴ്സിന് **10,000/- രൂപയും** രണ്ടു വർഷത്തെ കോഴ്സിന് **20,000/- രൂപയുമാണ്** സ്കോളർഷിപ്പ് തുകയായി നൽകുന്നത്. രണ്ടാം വർഷക്കാരും പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെ പരിഗണിക്കും. 10% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.mwdscholarship.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

അപേക്ഷിക്കേണ്ട രീതി:

1. *www.mwdscholarship.kerala.gov.in* എന്ന വെബ് സൈറ്റിലെ "One-time registration." - ൽ ക്ലിക്ക് ചെയ്യുക
2. വെബ്സൈറ്റിൽ വിദ്യാർത്ഥിയുടെ പേര്, ആധാർ, ഫോൺ നമ്പർ തുടങ്ങിയ പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യുക.
3. വിദ്യാർത്ഥിയുടെ വ്യക്തി വിവരങ്ങൾ, ബാങ്ക് അക്കൗണ്ട്, പഠിക്കുന്ന സ്ഥാപനത്തിന്റെ

വിവരങ്ങൾ എന്നിവ നൽകി പ്രൊഫൈൽ പൂർത്തിയാക്കുക. ശേഷം 'Add Qualification' വഴി മുൻകാല വിദ്യാഭ്യാസ യോഗ്യതകൾ ചേർക്കുക.

4. 'Apply For Scholarship' എന്നതിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് തിരഞ്ഞെടുക്കുക.
5. Photo, signature, SSLC certificate, Income certificate, Bank passbook എന്നിവ അപ്ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
6. അപേക്ഷ സമർപ്പിച്ചതിനു ശേഷം 'Submitted Applications' എന്ന വിഭാഗത്തിൽ പോയി അപേക്ഷയുടെ തൽസ്ഥിതി പരിശോധിക്കാവുന്നതാണ്.

അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ:

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. ഐ.ടി.ഐ-കളിൽ പഠിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ (അഡ്മിഷൻ കാർഡ്, ട്യൂഷൻ ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി. കാർഡ് തുടങ്ങിയവ).
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ വിലാസം എന്നിവ ഉൾപ്പെടുത്തിയിരിക്കണം).
5. ആധാർ കാർഡിന്റെ പകർപ്പ്.
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ).
9. റേഷൻ കാർഡിന്റെ പകർപ്പ്.
10. മാർക്ക് ലിസ്റ്റിന്റെ പകർപ്പ് (രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് ഒന്നാം വർഷം പാസ്സായതിന്റെ മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്).

സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്:

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം.
2. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് 75% ഹാജരുണ്ടെന്ന് സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പുവരുത്തണം.
3. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപന മേധാവി ഉറപ്പുവരുത്തണം.
4. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name - latest) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പുവരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

Generated from eOffice by FATHIMA JAMAL S, DEO2 DMW, DEO2 DMW, Directorate of Minority Welfare on 12/10/2026 03:50 PM

നിരസിക്കപ്പെടുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപന മേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം.
6. പ്രൈവറ്റ് ഐ.റ്റി.സി-കൾ ഓൺലൈൻ മുഖേന വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകൾ നേരിട്ടോ തപാൽ മുഖേനയോ ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് എത്തിക്കേണ്ടതുമാണ്. **വിലാസം:** ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, 4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 695033.

അവസാന തീയതികൾ:

വിവരങ്ങൾ	**അവസാന തീയതി**
വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി	**20.11.2026**
ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി	**25.11.2026**
സ്ഥാപന മേധാവികൾ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി	**28.11.2026**
സ്ഥാപന മേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി	**30.11.2026**

വിശ്വസ്തതയോടെ

Digitally signed by
DEVIDAS N
Date: 06-10-2026
12:56:57

DEVIDAS N IAS
DIRECTOR

Generated from eOffice by FATHIMA JAMAL S, DEO2 DMW, DEO2 DMW, Directorate of Minority Welfare on 12/10/2026 03:50 PM